ലക്കം 24

# ഗോസ്പൽ ട്രൂത്ത്

**അഖിലലോക സുവിശേഷ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുവാനുതകുന്ന വേദപുസ്തക സത്യങ്ങൾ**

For Private Circulation only

## വലിയ വൈദ്യൻ

*(മർക്കൊസ്. 5:24-34വരെയുള്ള വേദഭാഗത്തുള്ള വിവരണത്തെ ആസ്പദമാക്കിയുള്ള ഒരു വിശദീകരണമാണ് ചുവടെ കൊടുത്തിട്ടുള്ളത്.)*

പൊടിപാറുന്ന പൊതുനിരത്തിലൂടെ യേശു നടന്നുനീങ്ങുമ്പോഴും ആയിരക്കണക്കിന് പുരുഷാരം അങ്ങോട്ട് ഒഴുകിയെത്തുമായിരുന്നു. ശിഷ്യന്മാർ ജനക്കൂട്ടത്തെ നിയന്ത്രിക്കുവാൻ നന്നേ പാടുപ്പെട്ടു. ജനസാഗരത്തിൽപ്പെട്ടു പോകാതിരിക്കാൻ അവർ ഒരു പ്രത്യേക വലയം സൃഷ്ടിച്ചു. എങ്കിലും ജനം തിക്കിത്തിരക്കി. പുരുഷാരങ്ങളുടെ ആരാവാരവും കുട്ടികളുടെ പൊട്ടിച്ചിരിയും കൊണ്ടവിടം ശബ്ദമുഖരിതമായി. ചിലർ ഗൗരവമായ ചർച്ചകൾ ആരംഭിച്ചു. അതിലൂടെ ഒരു മുടന്തൻ എങ്ങനെയോ അതിൽ എത്തപ്പെട്ടു. പനി ബാധിച്ച മകളേയും കൊണ്ട് ഒരമ്മയും തിരക്ക് വകവയ്ക്കാതെ അവർ യേശുവിന്റെ അരികിലേക്ക് എത്തുവാൻ പണിപ്പെട്ടു. സ്ത്രീ-പുരുഷന്മാരുടെ വലിയൊരു ജനകൂട്ടം ഉയർത്തിയ ആരവാരത്തോടുകൂടി ശബ്ദകോലാഹലമായിരുന്നു അന്തരീക്ഷം.

മുക്കുവന്മാരുടെ കൂട്ടത്തിൽ, ഒരു സ്ത്രീ സാവധാനത്തിൽ ജനകൂട്ടത്തിനിടയിലൂടെ നന്നേ ബദ്ധപ്പെട്ടു യേശുവിന്റെ അരികിലെത്തി. ജനകൂട്ടത്തിന്റെ ഉന്തിലും തള്ളിലുംപ്പെട്ടവൾ ബഹളത്തിന്റെ നടുവിലായി. നീണ്ട പന്ത്രണ്ടു വർഷങ്ങളായി അവൾ രക്തസ്രവ അസുഖത്താൽ കഷ്ടപ്പെടുകയായിരുന്നു. മാത്രമല്ല അസുഖം ഭേദമാക്കുവാനായി അറിയപ്പെട്ടിരുന്ന ഒട്ടുമിക്ക ഡോക്ടർമാരെയും അവൾ സമീപിച്ചു. ഒരുപാടു ചികിത്സിച്ചു. ധാരാളം പണം അതിനായി ചെലവഴിച്ചു. അവളുടെ സമ്പാദ്യം മുഴുവൻ കാലിയായതല്ലാതെ ഒരു പ്രയോജനവും ഉണ്ടായില്ല.

യേശു എന്നു പേരുള്ള ഒരു വ്യക്തിയെ ഒരിക്കൽ അവൾ കേട്ടു. നാനാവിധ രോഗികളെയും മറ്റു ഗ്രാമഗ്രാമാന്തരങ്ങൾ തോറും സഞ്ചരിച്ച് സൗഖ്യമാക്കുന്ന യേശുവിനെ കണ്ടുമുട്ടുവാൻ തന്നെ തീരുമാനിച്ചു.

വലിയ വിശ്വാസത്തോടും വലിയ പ്രതീക്ഷയോടുംകൂടി അവൾ യേശുവിനെ തേടിയിറങ്ങി. അങ്ങനെ അവൾ എല്ലാ തടസ്സങ്ങളെയും അതിജീവിച്ചുകൊണ്ട് യേശുവിന്റെ അടുത്തെത്തി. "യേശുവിന്റെ വസ്ത്രത്തിന്റെ തൊങ്ങൽ എങ്കിലും തൊട്ടാൽ എനിക്ക് സൗഖ്യം വരും എന്നവൾ വിശ്വസിച്ചു." യേശുവിനെ ജനകൂട്ടത്തിൽ നിന്നും വേർതിരിച്ച് നിന്നിരുന്ന ശിഷ്യന്മാരുടെ കൂട്ടത്തിൽ അവൾ ബദ്ധപ്പെട്ടെത്തി കൈനീട്ടി യേശുവിന്റെ വസ്ത്രത്തെ തൊട്ടു. ക്ഷണത്തിൽ യേശുവിൽ നിന്നും അത്ഭുത ശക്തി പുറപ്പെട്ട് അവൾ അത് അനുഭവിച്ചറിഞ്ഞു. പെട്ടെന്ന് അവൾ സുഖമുള്ളവളായി. രക്തസ്രവം നിന്നു. അവൾക്ക് വിടുതൽ ലഭിച്ചു.

സൗഖ്യമായതോടെ അത്ഭുതത്തോടു കൂടി നന്ദി നിറഞ്ഞ ഹൃദയത്തോടെ അവർ യേശുവിനെ സ്തുതിച്ചുകൊണ്ട് നിശബ്ദയായി പോകാൻ ശ്രമിച്ചു. യേശു അവിടെ നിന്നു. "എന്നെ തൊട്ടതാര്?" എന്ന് തന്റെ ശിഷ്യഗണത്തോടു ചോദിച്ചു. ശിഷ്യന്മാർ അതിശയിച്ചു. അവർ യേശുവിനോടു ഇത്തരത്തിലുള്ള തിരക്കിനിടയിൽ എന്താണിങ്ങനെ ചോദിക്കുന്നതെന്നാശ്ചര്യപ്പെട്ടു. യേശു അവരോട് ആരോ എന്നെ തൊട്ടു. ശക്തി എന്നിൽ നിന്നും പുറപ്പെട്ടു എന്നു പറഞ്ഞു.



**"യേശുവിന്റെ വസ്ത്രത്തിന്റെ തൊങ്ങൽ എങ്കിലും തൊട്ടാൽ എനിക്ക് സൗഖ്യം വരും എന്നവൾ വിശ്വസിച്ചു."**


പത്രാധിപലേഖനം 3

ബൈബിൾ പഠനം: ദൈവീക രോഗശാന്തി 4

അനുബന്ധ ലേഖനം: ദൈവീക രോഗശാന്തിയുടെ അനുഗ്രഹവും അവകാശവും 5

ചോദ്യവും - ഉത്തരവും 7

നിങ്ങൾക്കറിയാമോ? തക്കസമയത്തെ വാക്ക് 8

# ബൈബിൾ
## എന്തു പഠിപ്പിക്കുന്നു.

**ദൈവവചനം**
2 തിമൊ. 3: 16–17, 2 പത്രൊ. 1: 20, 21,
മത്തായി 24: 35

**സ്നേഹബന്ധം**
മത്തായി 22: 37–40, യോഹ. 14: 21–23,
1 യോഹ. 4: 7–11

**മാനസാന്തരം**
അപ്പൊ. 3: 19, 17: 30, 2 കൊരി. 7:10

**പുതുജനനം**
യോഹ. 3: 3–7, 2 കൊരി. 5: 17,
റോമർ 6 : 1–4, എഫെ. 2: 1, 5–6).

**പാപത്തിൽ നിന്നും സ്വാതന്ത്ര്യം**
1 യോഹ. 5: 18, മത്തായി 1: 21,
യോഹ. 8: 11

**പരിശുദ്ധാത്മ നിറവ്**
അപ്പൊ. 19: 2, 15: 8–9, 1: 8).

**വിശുദ്ധി**
ലൂക്കോ. 1:73–75, എബ്രാ. 12:14,
1 പത്രൊ. 1: 15–16, തീത്തോ. 2: 11, 12, റോമ. 6: 22

**ദൈവരാജ്യം**
ലൂക്കോ. 17 : 20–21, റോമ. 14: 17, യോഹ. 18: 36

**സഭ**
അപ്പൊ. 2: 4–7, എഫെ. 4: 4–6,
1 കൊരി. 12: 12,13, കൊലൊ. 1: 18

**ഐക്യത**
യോഹ. 17: 20–23, ഗലാ. 3: 28,
വെളി. 18: 2–4

**ചട്ടങ്ങൾ**
മത്താ. 28: 19–20, 26: 26–30, 1 കൊരി. 11: 23–27,
യോഹ. 13: 14–17

**ദൈവീക രോഗശാന്തി**
ലൂക്കോ. 4: 18, യെശയ്യ. 53: 4–5,
യാക്കോബ് 5: 13–16

**വിവാഹശുശ്രൂഷ**
മത്താ. 19: 5–6, ലൂക്കോ. 16: 18,
റോമർ 7: 2–3, 1 കൊരി. 7: 10–11

**ബാഹ്യപ്രകടനം**
1 തിമൊ. 2: 9–10, 1 കൊരി. 11: 14–15,
ആവർത്തനം 22: 5

**അന്ത്യകാലം**
2 പത്രൊ. 3: 7–12, യോഹ. 5: 28–29,
2 കൊരി. 5: 10, മത്താ. 25: 31–46

**സാമാധാനവാദം:**
ലൂക്കോസ് 6: 27–29, ലൂക്കോസ് 18: 20

**ആരാധന**
യോഹ. 4: 23–24, എഫെ. 5: 19, 2 കൊരി. 3: 17

**അന്ത്യകല്പന**
മർക്കൊസ് 16: 15

താൻ മറഞ്ഞിരിക്കുന്നില്ല എന്ന് സ്ത്രീ കണ്ടിട്ട്, ഉടനെ യേശുവിന്റെ കാൽക്കൽ സാഷ്ടാഗം വീണ് നമസ്കരിച്ചു. തന്റെ രോഗവിവരത്തെക്കുറിച്ചും നാളുകളായി താൻ അനുഭവിച്ച വേദനകളും കഷ്ടപ്പാടു കളും അവൾ യേശുവിനോട് എല്ലാം തുറന്നുപറഞ്ഞു. എല്ലാം കേട്ടുനിന്ന യേശു സ്നേഹവും അനുകമ്പയും നിറഞ്ഞവനായി അവളോടിങ്ങനെ പറഞ്ഞു. “മകളെ, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. നിന്റെ രോഗം സുഖമായിരിക്കുന്നു. ആകയാൽ സമാധാനത്തോടെ പോക.”

ക്രിസ്തുവിന്റെ സമീപനം എത്ര അത്ഭുതവും ആശ്വാസവും നിറഞ്ഞതാണ്. വിശ്വസിച്ച തന്റെ ജനങ്ങൾക്കുവേണ്ടി തന്റെ ഐഹിക ജീവിതകാലത്തെ ശുശ്രൂഷ അത്ഭുതങ്ങളുടേതായിരുന്നു. ജനത്തിന്റെ ആത്മീയ കാര്യങ്ങൾ മാത്രമല്ല യേശു കൈകാര്യം ചെയ്തിരുന്നത്. മനുഷ്യന്റെ വൈകാരികവും ശാരീരികവുമായുള്ള എല്ലാ ആവശ്യങ്ങൾക്കും അവൻ മതിയായവനായിരുന്നു. മാനുഷീകമായുള്ള എല്ലാ സഹായങ്ങളും പരാജയപ്പെട്ട സ്ഥാനത്ത് യേശു എത്ര അതിശയകരമായാണ് ആ സ്ത്രീയെ സൗഖ്യമാക്കിയത്. അതെ യേശു ഇന്നും സൗഖ്യദായകനത്രെ.

ഇക്കാലത്തും യേശുവിന് അത്ഭുത സൗഖ്യം നൽകുവാൻ കഴിയും. രോഗിയായും, ഹൃദയനുറുക്കത്തോടും കൂടി ആര് യേശുവിനെ സമീപിച്ചാലും ഇന്നും യേശു അത്ഭുത സൗഖ്യം നൽകുവാൻ ശക്തൻ തന്നെ. ജനത്തെ പാപത്തിൽ നിന്നും രോഗത്തിൽ നിന്നും വീണ്ടെടുക്കുവാൻ മാത്രമല്ല, മനുഷ്യന്റെ എല്ലാവിധ ആവശ്യങ്ങളിലും ഇടപെടുന്നവനാണ് യേശു. മറ്റൊരു വൈദ്യന്മാർക്കും പകരം വയ്ക്കാനാവില്ല. ഒരു മനുഷ്യന് പ്രാപിക്കുവാൻ കഴിയുന്ന ഏറ്റവും ഉന്നതവും ഉദാത്തവുമായ അഭിവൃദ്ധിയും അനുഗ്രഹവും പ്രാപിക്കുവാൻ യേശുവിൽ കൂടി മാത്രമേ കഴിയൂ. ദൈവത്താൽ കഴിയാത്തതു ഒന്നുമില്ല. നിരാശയും മൂടി സകല പ്രതീക്ഷകളും അറ്റുപോയി അന്ധകാരം നിറഞ്ഞ അവസ്ഥയിൽ യേശുവിന്റെ അത്ഭുത കരത്താലുള്ള പരിശുദ്ധ പ്രകാശത്തിന് മാത്രമേ പ്രസ്തുത അന്ധകാര ശക്തിയെ കീറിമുറിച്ച് അത്ഭുതപ്രകാശ സൗഖ്യത്തിലേക്ക് കൊണ്ടുവരാൻ കഴിയൂ

തന്റെ രോഗത്തിന്റെ ശമനത്തിനായി ഒരു വൈദ്യനെ തേടിയലഞ്ഞ് എത്ര സമയവും പണവും പാഴാക്കി ആ സ്ത്രീ. യേശുവിനെ നാം അറിയാനിടയായത് എത്ര ശ്രേഷ്ഠകരമായ ഒരു കാര്യമത്രെ. നമ്മെകൊണ്ട് പരിഹരിക്കാൻ കഴിയാത്ത വിഷയമെന്തുമാകട്ടെ അവൻ നമ്മെ സഹായിക്കുവാനും നമ്മുടെ അവസ്ഥയ്ക്ക് ഭേദം വരുത്തുവാനും സന്മനസ്സുള്ളവനത്രെ. എന്തു വിഷയമായാലും അവനോട് പറയാം. അവന്റെ ചാരേ ചേരാം. അവൻ നമ്മെ സഹായിക്കും. ശക്തീകരിക്കും.



**സഭയുടെ വിധിനിർണ്ണയത്തിനനുസൃതമായി, ശാരീരിക രോഗം നേരിടുമ്പോൾ ദൈവത്തിൽ ആശ്രയിക്കുക എന്ന വിഷയത്തിൽ ബലഹീനരായ വിശ്വാസികളോടുള്ള സഭയുടെ നിലപാടും പ്രതികരണവും ഏതു നിലയിലായിരിക്കേണം?**

**“സംശയ വിചാരങ്ങളെ വിധിക്കാതെ വിശ്വാസത്തിൽ ബലഹീനനായവനെ ചേർത്തുകൊൾവീൻ” (റോമർ 14:1), വിശുദ്ധന്മാരായ നാം നമ്മുടെ ബലഹീനരായ സഹോദരീ സഹോദരന്മാരെ സ്നേഹത്തോടെ പ്രാർത്ഥനയാൽ താങ്ങാം. അവരെ കുറ്റം വിധിക്കാതെ ചേർത്തുപിടിക്കാൻ തയ്യാറാകാം.**

ആത്മീയ അഭിവൃദ്ധിയും ദൈവമക്കളുടെ ആത്മീയ വളർച്ചയും ലക്ഷ്യമാക്കികൊണ്ട്, ദൈവസഭയുടെ ഉപദേശ സത്യങ്ങൾ ത്രൈമാസങ്ങളിൽ പുറത്തിറക്കുന്ന ഒരു പ്രസിദ്ധീകരണമാണ് ഗോസ്പൽ ട്രൂത്ത്. www.thegospeltruth.org എന്ന വെബ്സൈറ്റ് മുഖേനയും ഇ– മെയിൽ വഴിയായും ആനുകാലിക ആത്മീയ സന്ദേശങ്ങൾ ലഭ്യമാണ്. ഗോസ്പൽട്രൂത്ത് മിക്കരാജ്യങ്ങളിലും പ്രദേശിക ഭാഷകളിൽ ഇന്ന് ലഭിക്കുന്നുണ്ട്. അനേകരുടെ സ്വമേധാദാനങ്ങൾ മുഖാന്തരമാണിത് സാധിക്കുന്നത്. മുഖപേജിലുള്ള ചിത്രങ്ങൾ അനുവാദപ്രകാരം കൊടുത്തിട്ടുള്ളതുമാകുന്നു.

എന്ന് എഡിറ്റർ,
മൈക്കിൾ ഡബ്ല്യൂ. സ്മിത്ത്

# പത്രാധിപലേഖനം



*“ക്രിസ്തുയേശുവിൽ നമ്മെക്കുറിച്ചുള്ള വാത്സല്യത്തിൽ തന്റെ കൃപയുടെ അത്യന്തധനത്തെ വരും കാലങ്ങളിൽ കാണിക്കേണ്ടതിന്, ക്രിസ്തുയേശുവിൽ അവനോടുകൂടെ ഉയർത്തെഴുന്നേല്പിച്ചു സ്വർഗ്ഗത്തിൽ ഇരുത്തുകയും ചെയ്തു” – എഫെ. 2:6–7.*

കർത്താവായ യേശുക്രിസ്തുവിന്റെ കൃപ ഈ കാലഘട്ടത്തിൽ നമ്മിലേക്ക് അനസ്യൂതം ഒഴുകിയെത്തുന്നുണ്ട്. രക്ഷിതാവിൽ നിന്നുള്ള സ്നേഹവും കരുണയും വ്യക്തിപരമായി നമുക്ക് ഒരു അനുഗ്രഹം തന്നെയാണ്. ഇന്നത്തെ പംക്തിയിലെ പ്രധാന പ്രതിപാദ്യ വിഷയം ദൈവീക രോഗശാന്തിയെക്കുറിച്ചുള്ളതാണ്. ചരിത്ര ത്തിലുടനീളം പ്രസ്തുത വിഷയത്തെ ക്കുറിച്ചുള്ള വാദപ്രതിവാദങ്ങൾ കാണാം. തിരുവചനാധിഷ്ഠിതമായുള്ള ഈ വിഷയത്തെ ക്കുറിച്ചുള്ള ഉപദേശങ്ങളും പൊതു വായ പഠിപ്പിക്കലുകളും പ്രധാന സ്വീകാര്യമായ പ്രായോ ഗിക നിർദ്ദേശങ്ങളുമാണ് ഈ പംക്തിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. തലമുറ തലമുറയായി ശുശ്രൂഷകന്മാ രുടെ ഇടയിലും മറ്റും ദൈവസഭയിൽ പോലും വ്യത്യസ്ത കാഴ്ചപ്പാടുകളും വിഭിന്ന ചിന്താഗതികളുമാണ് ഇത്തരം വിഷയങ്ങളെ സംബന്ധിച്ചുള്ളത്. അതുകൊണ്ടത്രെ ഞങ്ങൾ ഈ വിഷയം പ്രസംഗിക്കുകയും ദൈവം നൽകുന്ന ആത്മീയ നടത്തിപ്പുപോലെ മുമ്പോട്ടു പോകുകയും ചെയ്യുന്നത്.

ദൈവത്തിന്റെ സിംഹാസനത്തിൽ നിന്നും ശാരീരിക സൗഖ്യത്തിന്റെ കൃപ നിർ ലോഭം നമ്മിലേക്ക് ഒഴുകിയെത്തുന്നുണ്ട്. ജീവിതത്തിൽ ഉണ്ടാകുന്ന കൊടുങ്കാറ്റുകളുടെ മധ്യ ത്തിലും വ്യക്തിപരമായി ഞാൻ വിശ്വാസത്താലുള്ള ദൈവീക പ്രതിഫലവും ആശ്വാസവും തിരിച്ചറിഞ്ഞിട്ടുണ്ട്. ഇന്നത്ത  പല വിശുദ്ധന്മാർക്കും ദൈവം അവരുടെ ജീവിതത്തിൽ ചെയ്തിട്ടുള്ള സൗഖ്യങ്ങളുടെ അത്ഭുത കഥകൾ ഒരുപാട് പറയാനുണ്ട്. എന്റെ മരണ കിടക്കിയിൽ നിന്നുപോലും ദൈവം എന്നെ യാതൊരുവിധ വൈദ്യശാസ്ത്രത്തിന്റെ പിൻബലവും ചികിത്സകളൊന്നുമില്ലാതെ തന്നെ ദൈവം വിടുവിച്ചത് ഞാൻ ഓർക്കുന്നു. പക്ഷാഘാതം പിടിപ്പെട്ട് ജീവിതം മുഴുവനും കിടപ്പുരോഗിയായി അവസാനിക്കുമെന്ന് മെഡിക്കൽ ഡോക്ടർമാർ എല്ലാവരും എന്നെക്കുറിച്ച് വിധി എഴുതി എന്നാൽ ചില വർഷങ്ങൾ കഷ്ടപ്പാടു കളും രോഗപീഢകളും അനുഭവിച്ചു എങ്കിലും ദൈവം പരിപൂർണ്ണ മായി സൗഖ്യ മാക്കി എഴുന്നേല്പിച്ചു. എന്റെ കുഞ്ഞുങ്ങളുടെ കാര്യത്തിലും ഇത്തരം അത്ഭുത സൗഖ്യത്തിന്റെ സാക്ഷ്യങ്ങൾ ഉണ്ടെങ്കിലും വിസ്താരഭയത്താൽ വിവരിക്കുന്നില്ല. അത്ഭുത രോഗസൗഖ്യത്തിന്റെ കാലങ്ങൾ കഴിഞ്ഞുപോയിട്ടില്ല – അത് ഒരു യാഥാർത്ഥ്യ മാണ് – അത് ഇന്നും നടക്കുന്നുണ്ട്.

ദൈവത്തിങ്കലുള്ള പൂർണ്ണമായ വിശ്വാസമാണിതിന് ആധാരം അല്ലാതെ നമ്മുടെ ജീവിത ത്തിൽ എന്തു സംഭവിക്കുന്നു എന്നതിലല്ല. നമ്മുടെ വിശ്വാസം ഉറപ്പുള്ളതാ വണം. കഷ്ടപ്പാടുകളുടെ നാളുകളിൽ ദൈവം പ്രാർത്ഥനയ്ക്ക് ഉത്തരം നൽകുന്നില്ലല്ലോ എന്ന ചിന്തവരെ ഉണ്ടായിപ്പോകും. അത്തരം സന്ദർഭങ്ങളിൽ ദൈവീക ഇട പെടലുകൾ തികെച്ചും വ്യത്യസ്തമാണ്, മാത്രമല്ല അത് ശാരീരികമായതിനെക്കാൾ ഉപരിയാണ്. ദൈവത്തിന്റെ അഗാധമായ ജ്ഞാനത്തെയും അത്ഭുത ശക്തിയെയും നമുക്ക് എന്തുകൊണ്ട് വിശ്വസിച്ചുകൂടാ?

അല്പനേരം കാത്തിരിക്കുവാനോ കഷ്ടത അനുഭവിക്കുവാനോ അശേഷം മനസ്സില്ലാത്ത ലോകത്താണ് നാം ജീവിക്കുന്നത്. വിശ്വാസത്തോടുകൂടി ദൈവത്തെ സേവിക്കുവാൻ നമുക്ക് ദൈവ ഇഷ്ടത്തിന് സമ്പൂർണ്ണമായി കീഴ്പ്പെടേണ്ടതാ യിട്ടുണ്ട്. സത്യപാതയിലൂടെ നടക്കുന്ന നമ്മെ ദൈവം അതിനായി ഒരുക്കട്ടെ.

ആത്മീയ പക്വതയും പരിശീലനവും പ്രാപിച്ചുകൊണ്ട് പരിശുദ്ധാത്മാവിന്റെ നടത്തിപ്പും ചൈതന്യവും പൂർണ്ണമായി ഉൾകൊണ്ട് നമ്മുടെ ദൈനംദിന ജീവിത ത്തിൽ ഓരോ സാഹചര്യത്തിനനുസരിച്ച് മുമ്പോട്ടു പോകാൻ കർത്താവ് സഹായിക്കട്ടെ.

ഇത്തരത്തിലുള്ള വിഷയത്തിൽ “എന്തു ചെയ്യണം” “എന്തു ചെയ്യരുത്”എന്നെല്ലാം വിശദീ കരിപ്പാൻ ഇത്തവണ കഴിയില്ല. ദൈവത്തെ പൂർണ്ണമായി ആശ്രയിക്കുവാൻ ഇത്തരം സന്ദർഭ ങ്ങളിൽ കഴിയുന്നു എന്നത് വാസ്തവം തന്നെ. അതൊരു കഷ്ടതയുടെ നുകമല്ല, പിന്നെ യോ ഒരു ഭാഗ്യപദവിയും ശ്രേഷ്ഠതയുമുള്ള അനുഭവം അത്രെ. രോഗപീഡയുള്ള സന്ദർഭങ്ങളിൽ തിരുവചനം ധ്യാനിക്കുവാനും ദൈവവുമായുള്ള ബന്ധം പുനഃപരിശോധി ക്കുവാനും ഉത്തമമായ ഒരു കാലമാണത്.

ജീവിതത്തിലുണ്ടാകുന്ന ഏതു സന്ദർഭങ്ങളിലും ദൈവത്തെ പൂർണ്ണമായി ആശ്രയി ക്കുവാനും ദൈവഹിതമന്വേഷിക്കുവാനും ഞാൻ താത്പര്യത്തോടെ നിർദ്ദേശിക്കുന്നു. നമുക്കുള്ളതിനെക്കാൾ മികച്ച ഒരു രക്ഷിതാവിനെയോ, സ്നേഹിതനെയോ, ദാതാവി നെയോ, ഒരു വൈദ്യനെയോ ഞാൻ ചോദിക്കുന്നില്ല. തീർച്ചയായും നമ്മുടെ കർത്താവ് നമുക്ക് ആശ്രയിക്കുവാൻ യോഗ്യൻ.

എന്ന്

മൈക്കിൾ ഡബ്ല്യു. സ്മിത്ത്

**ഇന്റർനെറ്റിൽ കൂടുതൽ വായിക്കാം.**

www.thegospeltruth.org

# ബൈബിൾ പഠനസഹായി

## വിഷയം : ദൈവിക രോഗശാന്തി എന്ന ഉപദേശം



**വേദഭാഗം:** *സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു. നമ്മുടെ വേദനകളെ അവൻ ചുമന്നു. നമോ ദൈവം അവനെ ശിക്ഷിച്ചും അടിച്ചും ദണ്ഡിപ്പിച്ചുമിരിക്കുന്നു എന്നു വിചാരിച്ചു- യെശയ്യ 53: 4, 5.*

**രത്നച്ചുരുക്കം :** മനുഷ്യവർഗ്ഗത്തിന്റെ ശാരീരികവും വൈകാരികവുമായ ആവശ്യങ്ങൾക്കു പര്യാപ്തമായ ശുശ്രൂഷകൾ നിറവേറ്റുക എന്നതാണ് ക്രിസ്തുവിന്റെ ഉദ്ദേശ്യം. രോഗികളെ സൗഖ്യമാക്കുന്നതായിരുന്നു അപ്പൊസ്തലന്മാരുടെ ശുശ്രൂഷയുടെ പ്രധാനഭാഗം. ശാരീരിക സൗഖ്യവും ക്രിസ്തുവിന്റെ ക്രൂശിന്റെ പ്രധാനലക്ഷ്യങ്ങളിലൊന്നായിരുന്നു രോഗത്തിൽ നിന്നുള്ള വിടുതലിനായി ദൈവത്തെ ആശ്രയിക്കുന്നതും സൗഖ്യം അനുഭവമാക്കുന്നതുമെല്ലാം ദൈവമക്കൾക്ക് അവകാശപ്പെട്ട ശ്രേഷ്ഠപദവിയാണിന്നും.

### I ക്രിസ്തു സൗഖ്യമാക്കിയതനെക്കുറിച്ചുള്ള പ്രവചനം.

A. യെശയ്യ 61: 1, 2 സൗഖ്യത്തിനുവേണ്ടി യത്രെ യേശു വന്നത്.
B. യെശയ്യ. 53: 3-5 നമ്മുടെ ദുഃഖത്തെയും വേദനകളെയും അവൻ ചുമന്നു.
C. യെശയ്യ 35: 4-6 മശിഹായുടെ അത്ഭുതങ്ങളെക്കുറിച്ചുള്ള പ്രവചനം

### II ക്രിസ്തുവിന്റെ ഭൂമിയിലുള്ള സൗഖ്യപ്പെടുത്തൽ (പ്രവചന നിറവേറ്റൽ)

A. മത്തായി. 8:16-17 യെശയ്യാവിന്റെ പ്രവചനം ക്രിസ്തുവിൽ നിവർത്തിയായി.
B. മത്തായി. 11: 4-5 കുരുടനെയും, മുടന്തനെയും കുഷ്ഠരോഗിയേയും സൗഖ്യമാക്കുകയും മരിച്ചവരെ ഉയർപ്പിക്കുകയും ചെയ്തു. (മത്തായി. 15: 30-31)
C. മത്തായി 4: 23-24 സകലവിധ ദീനങ്ങളെയും രോഗങ്ങളെയും സൗഖ്യമാക്കി. (ലൂക്കോസ് 4:40; 7:21)
D. അപ്പൊ: 10:38 പീഡിതരെ സൗഖ്യമാക്കി
E അപ്പൊ. 2: 22 അത്ഭുത അടയാള വീര്യപ്രവർത്തനങ്ങൾ മുഖാന്തരം മശീഹാ എന്നുറപ്പിച്ചു.

### III അപ്പൊസ്തലന്മാരുടെ സൗഖ്യമാക്കാനുള്ള ശക്തി.

A. മത്തായി 10:1, 7-8 ക്രിസ്തു തന്റെ ശിഷ്യന്മാർക്ക് അധികാരം കൊടുത്തു.
B. ലൂക്കോസ് 10:1, 9 സൗഖ്യമാക്കാൻ എഴുപതുപേരെ നിയമിച്ചു.
C. മാർക്കൊസ് 16:17-20 അത്ഭുത അടയാളങ്ങളാൽ വചനം ഉറപ്പിച്ചു.
D. അപ്പൊ. 5:12-16 അപ്പൊസ്തലന്മാരാൽ പല അത്ഭുതങ്ങളും നടന്നു.

### IV സൗഖ്യമാക്കുവാനുള്ള വരം

A. 1 കൊരി 12: 4, 9 സൗഖ്യമാക്കാനുള്ള വരം
B. 1 കൊരി.12: 29-31,എല്ലാവർക്കും ഈ വരമില്ല.

### V ക്രിസ്തുവിന്റെ ശക്തി ഇന്നും നിലനിൽക്കുന്നു.

A. എബ്രായർ13:8 യേശുക്രിസ്തു അനന്യൻ തന്നെ
B. മത്തായി 28:18 ക്രിസ്തു എല്ലാ മഹത്വത്തിനും യോഗ്യൻ
C. എഫെസ്യർ 3:20, 21 ചോദിക്കുന്നതിനും മീതെ.

### VI രോഗികൾക്കായുള്ള നിർദ്ദേശങ്ങൾ (വിളി, അഭിഷേകം, പ്രാർത്ഥന)

A. യാക്കോബ് 5:14-16 രോഗികളെ സൗഖ്യമാക്കാൻ മൂപ്പന്മാരെ നിയോഗിക്കുന്നു.
B. മർക്കൊസ്. 6: 12-13 ശിഷ്യന്മാരെ അഭിഷേകം ചെയ്തു.
C. അപ്പൊ: 28: 8-9 കൈവയ്പ്പു ശുശ്രൂഷ (മർക്കൊ. 16:18)

### VII വിശ്വാസത്തിന്റെ ആവശ്യകത

A. മർക്കൊസ് 11:22 ദൈവത്തിൽ വിശ്വസിക്കൂ.
B. മത്തായി 13 : 58 ക്രിസ്തുവിന്റെ പ്രവർത്തനത്തിന് അവിശ്വാസം തടസ്സമായി.
C. മത്തായി 17: 20-21 പ്രാർത്ഥനയാലും ഉപവാസത്താലും വിശ്വാസം മൂലം അത്ഭുതം നടക്കും.

### VIII ദൈവത്തെ അന്വേഷിക്കുന്നതിന്റെ പ്രാധാന്യത

A. സങ്കീ. 103. 2-3 സൗഖ്യം ദൈവത്തിൽ നിന്നും വരുന്നു.
B. 2 ദിന. 16:12 ആസാ ദൈവത്തെ അന്വേഷിച്ചു.
C. മത്തായി. 7:7-11 യാചിപ്പിൻ നിങ്ങൾക്ക് ലഭിക്കും.
D. 1 യോഹ.. 5:14. ദൈവേഷ്ടപ്രകാരം യാചിക്കുക.
E. എബ്രായർ. 11:6 ദൈവാന്വേഷികൾക്ക് അവൻ പ്രതിഫലം കൊടുക്കുന്നു.
F. 2 കൊരി. 12:7-9 സൗഖ്യം എപ്പോഴും ദൈവത്തിന്റെ മറുപടിയല്ല.

### IX ക്രിസ്തുവിന്റെ അനുകമ്പ

A. മത്തായി 14:14 യേശുവിന്റെ മനസ്സലിവ്
B. മർക്കോസ് 1:40-43 യേശു ഒരു കുഷ്ഠരോഗിയെ സൗഖ്യമാക്കി.
C. മത്തായി 9:35-36 ജനത്തിന് ഒരു ഇടയനെ ആവശ്യമാകുന്നു.
D. എബ്രായർ. 4:15-16 യേശു നമ്മുടെ ബലഹീനതകളിൽ താങ്ങും.

### ഉപസംഹാരം

*നാം ചോദിക്കുന്നതിലും നിനെക്കുന്നതിലും അത്യന്തപരമായി ചെയ്യുവാൻ നമ്മിൽ വ്യാപരിക്കുന്ന വിശ്വാസത്താൽ കഴിയുന്നവന്, സഭയിലും ക്രിസ്തു യേശുവിലും എന്നേക്കും തലമുറ, തലമുറയായും മഹത്വം ഉണ്ടാകട്ടെ. ആമെൻ -എഫെസ്യർ. 3: 20, 21.*

# ദൈവീക രോഗശാന്തിയുടെ

## അനുഗ്രഹവും അവകാശവും

**"ദരിദ്രന്മാരോട് സുവിശേഷം അറിയിക്കുവാൻ കർത്താവ് എന്നെ അഭിഷേകം ചെയ്യുകയിൽ അവന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്; ബദ്ധന്മാർക്കു വിടുതലും കുരുടന്മാർക്കു കാഴ്ചയും പ്രസംഗിക്കുവാനും പീഢിതന്മാരെ വിടുവിച്ചയ്ക്കുവാനും കർത്താവിന്റെ പ്രസാദവർഷം പ്രസംഗിക്കുവാനും എന്നെ അയച്ചിരിക്കുന്നു."**



**"യേശു സർവ്വോന്നതനായി വാഴുന്നതിനാൽ എല്ലാ രോഗങ്ങളും വ്യാധികളും സൗഖ്യമാക്കുവാൻ പ്രാപ്തനാണ്."**

തിരുവചനത്തിലെ അതിമനോഹരമായ ഒരു വാക്യം ലൂക്കോസ് 4:18ൽ ക്രിസ്തു തന്റെ ശുശ്രൂഷയും വിളിയും ആധാരമാക്കി ശബ്ബത്തു നാളിൽ പള്ളിയിൽ പരസ്യമായി യെശയ്യാവ് പ്രവാചകന്റെ പുസ്തകത്തിൽ നിന്ന് വായിച്ചത് രേഖപ്പെടുത്തിയിരിക്കുന്നതാണ്. ക്രിസ്തു നല്കുന്ന ആത്മീക സൗഖ്യത്തിന്റെ സംഗ്രഹമാണ് ഇവിടെ അതിശ്രേഷ്ഠമായി സംഗ്രഹിച്ചിരിക്കുന്നത്. നമ്മുടെ പ്രാപ്തിക്ക് അനുസരണമായിട്ടല്ല ക്രിസ്തു കൃപയാൽ സൗജന്യമായിട്ടത്രേ മാനവരാശിക്ക് ദൈവത്തോടുള്ള നിരപ്പും ആത്മാക്കളുടെ സൗഖ്യവും തന്റെ പാപപരിഹാരയാഗത്താൽ നേടിത്തന്നത്. പാപത്തിന്റെ അടിമത്വ ത്തിൽ ആയിരുന്നവരെ അവൻ മോചിപ്പിച്ചു; ആത്മീക അന്ധകാരത്തിൽ ആയിരുന്നവർക്ക് പ്രകാശവും, നിരാശയിൽ ആയിരുന്നവർക്ക് പ്രത്യാശയും ആത്മാക്കളുടെ രക്ഷയിൽ കൂടി നല്കി.

### യെശയ്യാവ് ക്രിസ്തുവിനെക്കുറിച്ച് പ്രവചിക്കുന്നു

ക്രിസ്തു നല്കുന്ന അത്ഭുതകരമായ ആത്മസൗഖ്യം യെശയ്യാവ് 53:4–5ൽ പ്രവചിച്ചിരിക്കുന്നത് "സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു; നമ്മുടെ വേദനകളെ അവൻ ചുമന്നു..... നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റു, നമ്മുടെ അകൃത്യങ്ങൾ നിമിത്തം തളർന്നുമിരിക്കുന്നു.. അവന്റെ അടിപ്പിണരുകളാൽ നമുക്ക് സൗഖ്യം വന്നുമിരിക്കുന്നു". സന്ദർഭോചിതമായും വ്യാഖ്യാനപരമായും അടിപ്പിണരുകളാൽ സൗഖ്യം വന്നുമിരിക്കുന്നു എന്നതു ക്രിസ്തു നല്കിയ ആത്മീക സൗഖ്യവും പാപത്തിന്റെ ശക്തിയിൽ നിന്നുള്ള പ്രാണന്റെ വീണ്ടെടുപ്പുമാണ്. ഇതിനും പുറമെ ക്രിസ്തു നമ്മുടെ രോഗങ്ങളെ ചുമന്നു എന്നും പ്രസ്താവിച്ചിരിക്കുന്നു. "രോഗങ്ങൾ' എന്ന പദം അസുഖം, രോഗം, ഉത്കണ്ഠ, കഷ്ടത എന്നീ ആശയങ്ങൾ ഉൾക്കൊള്ളുന്നു. യേശുവിനെക്കുറിച്ച് പ്രവചിക്കപ്പെട്ടിരിക്കുന്ന ഈ പ്രവചനവും മറ്റുള്ള പ്രവചനങ്ങളും അത്ഭുതകരമായി കുരുടന്റെ കണ്ണുകളെയും ചെകിടന്റെ കാതുകളെയും തുറന്നപ്പോൾ നിവൃത്തിയായി (യെശയ്യാവ് 35: 4–6)

### ക്രിസ്തു രോഗികളെ സൗഖ്യമാക്കി

ആത്മസൗഖ്യവും ശരീരത്തിന്റെ സൗഖ്യവും ഭൂമിയിൽ ക്രിസ്തുവിന്റെ ശുശ്രൂഷയിൽ പരസ്പരം യോജിച്ചു നില്ക്കുന്നതിനാൽ അവയെ തമ്മിൽ വേർതിരിക്കുവാൻ ഏറെക്കുറെ അസാദ്ധ്യമാണ്. യോഹന്നാൻ സ്നാപകന്റെ ശിഷ്യന്മാരോട്: കുരുടൻ കാണുന്നു; മുടന്തർ നടക്കുന്നു; കുഷ്ഠരോഗികൾ ശുദ്ധരായി തീരുന്നു; ചെകിടർ കേൾക്കുന്നു; മരിച്ചവർ ഉയർക്കുന്നു എന്ന് യോഹന്നാനെ ചെന്ന് അറിയിക്കുവാൻ യേശു പറഞ്ഞു (മത്തായി 11:4–5) മത്തായി 8:16–17ൽ ക്രിസ്തുവിന്റെ രോഗശാന്തി ശുശ്രൂഷയെക്കുറിച്ച് പ്രവചിച്ചിരുന്നത് നിറവേറുന്നതായി വ്യക്തമാക്കിയിരിക്കുന്നു. അവൻ സകല ദീനക്കാർക്കും സൗഖ്യം വരുത്തി: അത് അവൻ നമ്മുടെ ബലഹീനതകളെ എടുത്തു വ്യാധികളെ ചുമന്നു എന്ന പ്രവചനം നിവൃത്തിയാകുവാൻ ആയിരുന്നു. യേശു സകല ദീനത്തെയും വ്യാധിയെയും സുഖപ്പെടുത്തി (മത്തായി 4: 23–24); പിശാച് ബാധിച്ചവരെയൊക്കെയും സൗഖ്യമാക്കി (അപ്പൊ. പ്രവർത്തികൾ 10:38). ജനങ്ങളുടെ നടുവിൽ ചെയ്ത ശക്തിയും അത്ഭുതങ്ങളും, അടയാളങ്ങളും കൊണ്ട് ദൈവം അവനെ അയച്ചു എന്ന് തെളിയിക്കപ്പെട്ടു (അപ്പൊ. പ്രവർത്തികൾ 2:22)

### ശിഷ്യന്മാർ സൗഖ്യം നല്കി

യേശു തന്റെ ശിഷ്യന്മാർക്ക് അശുദ്ധാത്മാക്കളെ പുറത്താക്കുവാനും സകല ദീനവും വ്യാധിയും പൊറുപ്പിക്കുവാനും അവർക്ക് അധികാരം കൊടുത്തു (മത്തായി 10:1). കർത്താവ് എഴുപതു പേരെ ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കുവാനും രോഗികളെ സൗഖ്യമാക്കുവാനും നിയമിച്ച് അയച്ചു (ലൂക്കോസ് 10:9). അപ്പൊ. പ്രവർത്തികൾ 5:12ൽ വായിക്കുന്നത് അപ്പൊസ്തലന്മാരുടെ കയ്യാൽ ജനത്തിന്റെ ഇടയിൽ പല അത്ഭുതങ്ങളും അടയാളങ്ങളും നടന്നു എന്നാണ്. അപ്പൊസ്തലന്മാർ ചെയ്ത അടയാളങ്ങളും അത്ഭുതങ്ങളും വചനത്തെ ഉറപ്പിച്ചു പോന്നു (മർക്കൊസ് 16:17–20)

### രോഗശാന്തിയുടെ വരം

ദൈവീകമായ രോഗശാന്തിയുടെ വരം പരിശുദ്ധാത്മാവിൽ കൂടിയും സഭയിൽ നല്കപ്പെട്ടിരിക്കുന്നു. (1 കൊരിന്ത്യർ 12:4–9). ഉചിതമെന്നു കാണുമ്പോൾ ദൈവം സുവിശേഷത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി നല്കുന്ന വ്യത്യസ്തമായ ഒരു വരമാണ് ഇത്. രോഗികളുടെ മേൽകരം വയ്ക്കുമ്പോൾ നല്കപ്പെടുന്ന സൗഖ്യത്തിന്റെ വരം എല്ലാ വിശുദ്ധന്മാർക്കും നല്കുന്നില്ല. 1 കൊരിന്ത്യർ 12:29–30ൽ ചോദിക്കുന്നത്. "എല്ലാവരു പ്രവാചകന്മാരോ? എല്ലാവരും വീര്യപ്രവർത്തികൾ ചെയ്യുന്നവരോ? എല്ലാവരും രോഗശാന്തി വരം ഉള്ളവരോ?" ഈ ചോദ്യങ്ങൾക്ക് വ്യക്തമായ ഉത്തരം "ഇല്ല" എന്നാകുന്നു. എല്ലാവർക്കും ഒരേ വരങ്ങൾ അല്ല. എന്നാൽ ദൈവത്തിന്റെ ആത്മാവ് അതിനു യോഗ്യരായവരിലേക്കും വിശ്വാസികളുടെ സമൂഹത്തിലേക്കും തലമുറകൾക്കുവേണ്ടി ഉചിതമായ സമയത്ത് അവ പകർന്നുകൊണ്ടിരിക്കും.

ചരിത്രപരമായും നവോത്ഥാനകാലത്തും തൽക്ഷ ണമുള്ള വലിയ സൗഖ്യങ്ങൾ നടന്നിരുന്നത് മശിഹായിൽ ഇന്നും കുറയുന്നില്ല. അവിടുന്ന് ഇന്നും ആത്മാക്കളുടെ രക്ഷിതാവും ശരീരത്തി ന്റെയും പ്രാണന്റെയും സൗഖ്യദായകനുമാണ്. യേശു സർവ്വോന്നതനായി വാഴുകയും എല്ലാ രോഗങ്ങളും വ്യാധികളും സൗഖ്യമാക്കുവാൻ പ്രാപ്തനുമാണ്. യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നെന്നേയ്ക്കും അനന്യനാണ് (എബ്രാ യർ 13:8) യേശു പറഞ്ഞു. "സ്വർഗ്ഗത്തിലും ഭൂമിയി ലും സകല അധികാരവും എനിക്കു നല്കപ്പെട്ടിരി ക്കുന്നു... ഞാനോ ലോകാവസനത്തോളം എല്ലാ നാളും നിങ്ങളോടുകൂടെ ഉണ്ട്"(മത്തായി 28: 18-20)




"അത് ഒരിക്കലും ഒരു ഭാരം ആകുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതല്ല, പിന്നെയോ നമ്മെ സമ്പൂർണ്ണമായും സ്നേഹവാനായ ദൈവത്തിന്റെ കരങ്ങളിൽ ആശ്രയിച്ച് ഏല്പിക്കുന്നതിനുള്ള അവകാശമാണ്."

## ദൈവീക ഇടപെടൽ

രോഗത്തിന്റെയും കഷ്ടതയുടെയും സമയം ദൈവമക്കളിൽ ദൈവത്തിന്റെ അത്ഭുതകരമായ കൃപ പകരുന്നു. വിശുദ്ധന്മാരെ രോഗത്തിൽ നിന്നും വ്യാധിയിൽ നിന്നും ഒഴിക്കപ്പെട്ടിട്ടില്ലയെ ങ്കിലും ശരീരത്തിന്റെ സൗഖ്യത്തിനുള്ള അവകാ ശം അവർക്കു ക്രിസ്തുവിൽ ഉണ്ട്. ദൈവീക സൗഖ്യം സ്വാഭാവികമായോ മനുഷ്യന്റെ പ്രാപ്തി കൊണ്ടോ ഉളവാക്കുന്നതല്ല. അത് ദൈവീകമായ ഇടപെടലിനാൽ സ്വഭാവികമായതിനെ നീക്കി അസാദ്ധ്യമായതിനെ നടപ്പാക്കുന്നതാണ്. യേശുവി ൽ ആശ്രയിച്ച് ശരീരത്തിന്റെയും മനസ്സിന്റെയും സൗഖ്യം നേടുന്നത് ദൈവജനത്തിന്റെ അവകാശ വും കർത്താവിനെ സേവിക്കുന്നതിന്റെ ഒരു ഗുണവുമാണ്. തന്റെ ജനത്തിന്റെ സൗഖ്യദായ കനായി ദൈവം ഇന്നും വെളിപ്പെട്ടുവരുന്നു.

## ദീനക്കാർക്കുള്ള നിർദ്ദേശങ്ങൾ

ദീനക്കാർക്കുള്ള നിർദ്ദേശങ്ങൾ ബൈബിൾ, യാക്കോബ് 5:14-16ൽ നല്കുന്നു. "നിങ്ങളിൽ ദീനമായി കിടക്കുന്നവൻ സഭയിലെ മൂപ്പനെ വരുത്തട്ടെ. അവൻ കർത്താവിന്റെ നാമത്തിൽ അവനെ എണ്ണ പൂശി അവനുവേണ്ടി പ്രാർത്ഥി ക്കട്ടെ. എന്നാൽ വിശ്വാസത്തോടുകൂടിയ പ്രാർത്ഥന ദീനക്കാരനെ രക്ഷിക്കും. കർത്താവ് അവനെ എഴുന്നേല്പിക്കും, അവൻ പാപം ചെയ്തിട്ടുണ്ടെങ്കിൽ അവനോട് ക്ഷമിക്കും. എന്നാൽ നിങ്ങൾ രോഗശാന്തി വരേണ്ടതിനു തമ്മിൽ തമ്മിൽ പാപങ്ങളെ ഏറ്റുപറഞ്ഞ് ഒരുവനുവേണ്ടി ഒരുവൻ പ്രാർത്ഥിക്കുവിൻ. നീതി മാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു".

ദീനക്കാരൻ തന്റെ വിശ്വാസത്താലും ആഗ്രഹത്താ ലും സഭയിലെ മൂപ്പന്മാരെ വരുത്തി പ്രാർത്ഥിപ്പി ക്കുവാൻ നിർദ്ദേശിച്ചിരിക്കുന്നു. മൂപ്പന്മാർ അപ്പൊ സ്തലന്മാരുടെ മാതൃക പിൻപറ്റി (മർക്കൊസ് 6:12-13) രോഗിയെ എണ്ണ പൂശണം. ദൈവവചനം അനുസരിക്കുന്നതിലാണ് ശക്തി. എണ്ണയിൽ അല്ല. ക്രിസ്തുവിന്റെയും അപ്പൊസ്തലന്മാരുടെയും മാതൃക ദൃഷ്ടാന്തമാക്കി മൂപ്പൻ രോഗിയുടെ മേൽ കൈവച്ച് പ്രാർത്ഥിക്കണം (മർക്കൊസ് 16:18, അപ്പൊ. പ്രവർത്തികൾ 28:8-9) ദൈവം തന്റെ വിശുദ്ധ ശുശ്രൂഷകന്മാരെ മാനിക്കുന്നതിനാൽ കരംവച്ച് പ്രാർത്ഥിക്കുമ്പോൾ അനുഗ്രഹത്തി ന്റെയും ശക്തിയുടെയും പകർച്ച ഉണ്ടാകുന്നു.

## വിശ്വാസത്തിന്റെ ആവശ്യകതകൾ

ജനങ്ങൾ ചിലപ്പോൾ മറ്റുള്ളവരുടെ വിശ്വാസ ത്താലും ചിലപ്പോൾ അവരുടെ തന്നെ വിശ്വാസ ത്താലും സൗഖ്യമാകുന്നു. പ്രധാനവും ആവശ്യമാ യിരിക്കുന്നതും എന്തെന്നാൽ വിശ്വാസവും ദൈവ ത്തിലുള്ള ആശ്രയവുമാണ്. യേശുതന്നെ നസ്ര ത്തിൽ ആയിരുന്നപ്പോൾ അവരുടെ അവിശ്വാസം നിമിത്തം അവിടെ വളരെ വീര്യപ്രവർത്തികൾ ചെയ്തില്ല (മത്തായി 13:58) . മലകളെ നീക്കുവാൻ കടുകുമണിയോളം വിശ്വാസം ആവശ്യമുള്ളപ്പോൾ അത്ഭുതങ്ങളെ പ്രവർത്തിപ്പിക്കുന്നതിന് ഉപവാ സവും പ്രാർത്ഥനയുമാണ് ആവശ്യം (മത്തായി 17:20-21). ദൈവം സൗഖ്യം നല്കാത്ത അവസര ങ്ങൾ ഉണ്ടാകാമെങ്കിലും, വിശ്വാസം ചഞ്ചലപ്പെ ടേണ്ടതില്ല, കാരണം വിശ്വാസത്തിന്റെ ആധാരം ക്രിസ്തു ആകുന്നു, പ്രാർത്ഥനയുടെ മറുപടി അല്ല.

## ആശ്രയിക്കുന്നതിനാലുള്ള അവകാശം

യഥാർത്ഥ സൗഖ്യം വരുന്നത് "സകല രോഗ ത്തെയും സൗഖ്യമാക്കുന്ന" ദൈവത്തിൽ നിന്നാണ് (സങ്കീർത്തനങ്ങൾ 103:3). നമ്മുടെ ജീവിതത്തെ ബാധിക്കുന്ന എല്ലാ കാര്യങ്ങളിലും ദൈവത്തിൽ വിശ്വസിക്കുവാനും ആശ്രയിക്കു വാനും തിരുവചനം നമ്മെ പഠിപ്പിക്കുന്നു. "എന്നാൽ വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുന്നതല്ല; ദൈവത്തി ന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ട് എന്നും, തന്നെ അന്വേഷിക്കുന്നവർക്ക് പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലോ" (എബ്രായർ 11:6). ദീനക്കാരനും കഷ്ടത അനുഭ വിക്കുന്നവരും വിശ്വാസത്താൽ പ്രത്യാശയോടെ ദൈവത്തെ അന്വേഷിക്കണം. പഴയ നിയമത്തിൽ കാലിൽ ദീനം പിടിച്ച ആസ, തന്റെ ദീനത്തിൽ യഹോവയെ അല്ല, വൈദ്യന്മാരെയത്രേ അന്വേ ഷിച്ചതു" (2 ദിനവൃത്താന്തം 16:12). ദൈവത്തി ന്റെ അടുത്തേക്കു വരുന്നത് ഒരു അവസാന ശ്രമം എന്ന നിലയ്ക്ക് ആയിരിക്കാതെ തന്റെ മക്കൾക്ക് നല്ല ദാനങ്ങളെ നല്കുവാൻ ആഗ്രഹി ക്കുന്ന പിതാവിന്റെ അടുക്കലേക്ക് എന്നതു പോലെ വേണം ചെല്ലുവാൻ. അനേകർക്കും ദൈവീക സൗഖ്യത്തിന്റെ ഉപദേശം വഹിക്കു വാൻ ഭാരമുള്ള ഒരു കുരിശ് ആയിരിക്കുന്നു. അത് ഒരിക്കലും ഭാരമാകുവാൻ ഉദ്ദേശിച്ചുകൊ ണ്ടുള്ളതല്ല, പിന്നെയോ നമ്മെ സമ്പൂർണ്ണമായും സ്നേഹവാനായ ദൈവത്തിന്റെ കരങ്ങളിൽ ആശ്രയിച്ച് ഏല്പിക്കുവാനുള്ള അവകാശമാണ്. നിശ്ചയമില്ലാത്ത സന്ദർഭങ്ങളിൽ രക്ഷകനിൽ പൂർണ്ണമായി ആശ്രയിച്ചാൽ വലിയ സമാധാനം ലഭിക്കും.

## ധൈര്യത്തോടെ അടുത്തു ചെല്ലുക

ഭൂമിയിൽ മനുഷ്യകുലത്തിൽ ഹൃദയം നുറുങ്ങി യവരെയും മാനസ്സികമായും, ശാരീരികമായും രോഗികളായവരെയും യേശു ശുശ്രൂഷിച്ചു. പുരുഷാരത്തെ കണ്ട് മനസ്സലിഞ്ഞതുകൊണ്ടാ ണ് യേശു അങ്ങനെ ചെയ്തത്. (മത്തായി 14:14). ഇന്ന് ക്രിസ്തുയേശു നമ്മുടെ ബലഹീനതക ളിൽ സഹതാപം കാണിക്കുവാൻ കഴിവുള്ളവ നാണ് (എബ്രായർ 4:15-16). വൈകാരികമായി അന്ധകാരത്തിലോ, ശാരീരികമായ വേദന യിലോ ഇരിക്കുന്ന എല്ലാവർക്കും സഹായത്തി നുള്ള കൃപ പ്രാപിക്കുവാൻ ധൈര്യത്തോടെ അടുത്തുചെല്ലാം. മശിഹായെ നമ്മുടെ ആത്മീ കവും ശാരീരികവും വൈകാര്യവുമായ കാര്യ ങ്ങളുടെ വൈദ്യനായി ആശ്രയിക്കുന്നത് അത്ഭു തകരമായ ഒരു പദവി ആണ്.

# ചോദ്യവും ഉത്തരവും

## രോഗം എപ്പോഴും ജീവിതത്തിലെ പാപത്തിനോ തെറ്റുകൾക്കോ ഉള്ള ദൈവത്തിന്റെ ന്യായവിധി ആകുമോ? അത് ദൈവത്തിൽ നിന്നോ അതോ പിശാചിൽ നിന്നോ?

ഏദെൻതോട്ടത്തിലെ പാപത്തിന്റെ ഭവിഷത്താണ് ലോകത്തിലെ ദീനവും വ്യാധിയും. ശാരീരികമായ രോഗവും മരണവും ജീവിതത്തിന്റെ ഭാഗവും രക്ഷിക്കപ്പെട്ട ജനവും അതിൽ നിന്നും ഒഴിവുള്ളവരുമല്ല. ചിലപ്പോൾ വിശുദ്ധന്മാർ പരിസ്ഥിതി മുഖാന്തരമോ ശാരീരിക സ്ഥിതി മൂലമോ രോഗികൾ ആകാം. ഏതു കാരണമായാലും മരണം നിത്യജീവനിലേക്കുള്ള കവാടമാണ്.

ഇയ്യോബിന്റെ കാര്യത്തിൽ എന്നതുപോലെ സാത്താന് കഷ്ടത കൊണ്ടുവരു വാൻ കഴിയും. എന്നിരുന്നാലും നമ്മുടെ ജീവിതത്തെ ബാധിക്കുന്നത് എല്ലാം ആദ്യം ദൈവം അനുവദിക്കണം. അതുപോലെ തന്നെ ദൈവത്തിനും നമ്മുടെ ശരീരത്തിൽ രോഗം അനുവദിക്കുവാനും രോഗകാരണമായി തീർക്കുവാനും കഴിയുമെന്നതും സത്യമാണ്. കഷ്ടത യിൽ അല്ലേ നാം ദൈവത്തോട് അടുക്കേണ്ടത്? കഷ്ടതയുടെ നടുവിലും നമ്മെ തന്നെ ദൈവത്തിൽ സമർപ്പിച്ച് അവിടുന്ന് ഏറ്റവും നല്ലത് ചെയ്യുമെന്ന് വിശ്വസിച്ച് നിർഭയമായി ഇരിക്കാം.

യോഹന്നാൻ 9:1–11ൽ യേശു ജന്മനാ കുരുടനായ ഒരു മനുഷ്യനെ സൗഖ്യമാക്കി. അവന്റെ ശിഷ്യന്മാർ അവനോട്: "റബ്ബി ഇവൻ കുരുടനായി പിറക്കത്തക്കവണ്ണം ആർ പാപം ചെയ്തു. ഇവനോ ഇവന്റെ അമ്മയപ്പന്മാരോ എന്നു ചോദിച്ചു". അതിന് യേശു അവനെങ്കിലും അവന്റെ അമ്മയപ്പന്മാരെങ്കിലും പാപം ചെയ്തിട്ടല്ല. ദൈവത്തിന്റെ പ്രവർത്തി അവങ്കൽ വെളിപ്പെടേണ്ടതിനത്രേ എന്നു മറുപടി പറഞ്ഞു. ദൈവം പലപ്പോഴും വ്യക്തികളിലെ ആത്മീക നന്മ രോഗങ്ങളിൽ കൂടി അവർക്കു മാത്രമല്ല, മറ്റുള്ളവർക്കും പ്രയോജനപ്പെടുത്തുന്നു. 2കൊരിന്ത്യർ 4:15–17 ൽ വാക് ചാതുര്യതയോടെ അത് പ്രസ്താവിച്ചിരിക്കുന്നു. "കൃപ പലരിലും പെരുകി ദൈവത്തിന്റെ മഹിമ യ്ക്കായി സ്തോത്രം വർദ്ധിപ്പിക്കേണ്ടതിനു സകലവും നിങ്ങൾ നിമിത്തമല്ലോ ആകുന്നു. അതുകൊണ്ട് ഞങ്ങൾ അധൈര്യപ്പെടാതെ ഞങ്ങളുടെ പുറമെയുള്ള മനുഷ്യൻ ക്ഷയിച്ചുപോകുന്നു എങ്കിലും ഞങ്ങളുടെ അകമെയുള്ള വൻ നാൾക്കുനാൾ പുതുക്കം പ്രാപിക്കുന്നു. നൊടിനേരത്തേക്കുള്ള ഞങ്ങളുടെ ലഘുവായ കഷ്ടം അത്യന്തം അനവധിയായി തേജസ്സിന്റെ നിത്യഘനം ഞങ്ങൾ ക്കു കിട്ടുവാൻ ഹേതു ആകുന്നു".

## ജനം വിശ്വാസത്തിൽ ഇരിക്കുന്ന സമയമെല്ലാം ദൈവം ശാരീരികമായ രോഗങ്ങളെയും സൗഖ്യമാക്കുമോ?

ദൈവം എല്ലാവരെയും രക്ഷിക്കുവാൻ ആഗ്രഹിച്ച് തന്റെ മക്കളെ ഒരിക്കലും വിട്ടുമാറുകയോ ഉപേക്ഷിക്കുകയോ ചെയ്യുന്നില്ലായെങ്കിലും; അവിടുന്ന് എല്ലാ ശാരീരിക രോഗങ്ങളെയും സൗഖ്യമാക്കും എന്ന് വാഗ്ദാനം നല്കിയിട്ടില്ല. വിശ്വാസത്താൽ യാചിക്കുന്നതിനും, വിശ്വസിക്കുന്നതിനും, ദൈവഹിതത്തിനും സമർപ്പിച്ചു കൊടുക്കുന്നതിനും, തമ്മിൽ ഒരു തുലനാവസ്ഥ തിരുവചനത്തിൽ ഉണ്ട്.

പൗലൊസിന് ജഡത്തിൽ ഒരു ശൂലം നല്കിയിരുന്നു (ഏതെങ്കിലും വിധത്തിലുള്ള ക്ലേശമോ പരീക്ഷയോ) അത് വിട്ടുനീങ്ങേണ്ടതിന് അവൻ കർത്താവിനോട് അപേക്ഷിച്ചു. പൗലൊസ് പലതവണ പ്രാർത്ഥിച്ചു. എന്നാൽ "എന്റെ കൃപ നിനക്കു മതി; എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു" എന്നായിരുന്നു ദൈവത്തിന്റെ മറുപടി. പൗലൊസ് പാപിയോ അവിശ്വാസിയോ ആയിരുന്നില്ല; ദൈവത്തിന്റെ മറുപടി "ഇല്ല" എന്നായിരുന്നിട്ടും ക്രിസ്തുവിന്റെ ശക്തി എന്റെ മേൽ ആവസിക്കേണ്ടതിനു ഞാൻ അതിസന്തോഷത്തോടെ എന്റെ ബലഹീനതകളിൽ പ്രശംസിക്കും....ബലഹീനനായിരിക്കുമ്പോൾ തന്നെ ഞാൻ ശക്തനാകുന്നു എന്നായിരുന്നു പൗലൊസിന്റെ പ്രതികരണം (2 കൊരിന്ത്യർ 12: 7–10)

ദൈവഹിതം അനുസരിച്ച് ദൈവത്തെ വിശ്വസിച്ച് വിശ്വാസ ത്തോടെ നാം പ്രാർത്ഥിക്കണം. പ്രത്യാശയോടെ സമ്പൂർണ്ണമായി സമർപ്പിച്ച് പ്രാർത്ഥിക്കണം. ദൈവം ഒരു മറുപടി നല്കുമ്പോൾ ദൈവത്തിന്റെ കൃപ മതിയായത് എന്ന് വിശ്വാസത്തോടും ഉറപ്പോടും കൂടെ സ്വീകരിക്കുക.

## "കർത്താവിൽ ആശ്രയിക്കുന്നത്" വൈദ്യശാസ്ത്രത്തിന്റെ ഇടപെടൽ ഒഴിവാക്കുവാൻ ആണോ?

തിരുവചനം പഠിപ്പിക്കുന്നത് ദൈവീക സൗഖ്യം ദൈവമക്കളുടെ അവകാശവും അനുഗ്രഹവും എന്നാണ്. വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുകയില്ലെന്നും അതു നമ്മെ പഠിപ്പിക്കുന്നു. അനേകം ആളുകളും വിശ്വാസത്തെ ശരീരത്തിന്റെ സൗഖ്യത്തിനോട് കൂടുതലായി ബന്ധപ്പെടുത്തുന്നു. ഇത് ദൈവവചനത്തോടുള്ള അനീതിയാണ്. വിശ്വാസം ജീവിതത്തിന്റെ എല്ലാ മേഖലകളും ഉൾക്കൊള്ളുകയും, ആരെങ്കിലും വൈദ്യശാസ്ത്രപരമായി എന്തു ചെയ്യുന്നു അഥവ എന്ത് ചെയ്യാതിരിക്കുന്നു എന്നതിനെക്കാൾ ഉപരിയായി ദൈവവുമായി ബന്ധപ്പെട്ട് ഇരിക്കുന്നു.

റോമർ 14:22–23ൽ "നിനക്കുള്ള വിശ്വാസം ദൈവസന്നിധിയിൽ നിനക്കുതന്നെ ഇരിക്കട്ടെ; താൻ സ്വീകരിക്കുന്നതിൽ തന്നെത്താൻ വിധിക്കാത്തവൻ ഭാഗ്യവാൻ. എന്നാൽ സംശയിക്കുന്നവൻ തിന്നുന്നു എങ്കിൽ അത് വിശ്വാസത്തിൽ നിന്ന് ഉത്ഭവിക്കായ്കകൊണ്ട് അവൻ കുറ്റക്കാരനായിതീരുന്നു. വിശ്വാസത്തിൽ നിന്ന് ഉത്ഭവിക്കാത്തതൊക്കെയും പാപമത്രേ" എന്നു പറയുന്നു.

മറ്റുള്ളവരുടെ സംശയങ്ങളെ നീക്കുവാൻ പര്യാപ്തമായി എല്ലാ കാര്യങ്ങളുടെയും പട്ടിക നല്കാത്ത മേഖലകളും ബൈബിളിൽ ഉണ്ട്. ദൈവം ഒരു വ്യക്തിയിൽ നിന്ന് വ്യത്യസ്തമായി മറ്റൊരു വ്യക്തിയിലും ഒരു സാഹചര്യത്തിൽ നിന്ന് വ്യത്യസ്തമായി മറ്റൊരു സാഹചര്യത്തിലും വിശ്വാസത്തിന്റെ വിവിധ അളവ് അനുസരിച്ച് ഓരോരുത്തരെയും നയിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യുന്നു. വിശുദ്ധന്മാർ വിശ്വാസം കാത്തുകൊണ്ട് ചിലപ്പോൾ വൈദ്യനെ ആശ്രയിച്ചാലും, അനേകം സന്ദർഭങ്ങളിൽ വിശ്വാസത്താലും വ്യക്തിപരമായ പ്രേരണയാലും വൈദ്യചികിത്സ ഒഴിവാക്കുന്നു. രോഗമാകുമ്പോൾ വൈദ്യസഹായം ഒഴിവാക്കുന്നത് മറ്റുള്ളവരുടെ നിർബന്ധത്താൽ ആകാതെ വിശ്വാസത്താൽ സ്വന്തമായി തീരുമാനത്തിൽ ആയിരിക്കണം.

നമ്മുടെ ആശ്രയവും ആത്മവിശ്വാസവും കർത്താവിൽ ആയിരിക്കണം എന്നത് പ്രധാനമാണ്. കഷ്ടതയിലോ ആരോഗ്യത്തിലോ ദൈവത്തെ അന്വേഷിച്ച് അവിടുത്തെ ഹിതത്തിനും ഉദ്ദേശത്തിനുമായി സമർപ്പിക്കുക. "കർത്താവേ, ഞങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കണമേ".

Printed matter only
**MALAYALAM EDITION**



**നിങ്ങൾക്ക് അറിയാമോ?**



*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും അറിയുന്നില്ലയോ?.... ആകയാൽ നിങ്ങളുടെ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ - 1 കൊരിന്ത്യർ 6:19-20.*

അനാരോഗ്യകരമായ ആഹാരക്രമത്താൽ, പോഷകാഹാരം, അമിതവണ്ണം മുതലായ രോഗങ്ങളാൽ ഏകദേശം 6,78,000 മരണം അമേരിക്കയിൽ പ്രതിവർഷം നടക്കുന്നു. കഴിഞ്ഞ മുപ്പതുവർഷം അമിതവണ്ണം മുതിർന്നവരിൽ ഇരട്ടിയും, കുട്ടികളിൽ മൂന്നിരട്ടയും കൗമാരക്കാരിൽ നാലിരട്ടിയുമാണ് (cspinet.org) ദൈവപൈതൽ തന്റെ ശരീരം ദൈവത്തിന്റെ മന്ദിരം എന്നു മനസ്സിലാക്കി ആരോഗ്യകരമായ ഭക്ഷണവും വ്യായാമവും നല്കി സംരക്ഷിക്കണം.

**തക്കസമയത്ത് പറഞ്ഞ വാക്ക്**

# യേശുവിന്റെ നാമത്തിൽ

*അപ്പോൾ പത്രോസ്: പൊന്നും വെള്ളിയും എനിക്കില്ല; എനിക്കുള്ളതു നിനക്കു തരുന്നു; നസ്രയനായ യേശുവിന്റെ നാമത്തിൽ നടക്കുക - അപ്പൊ. പ്രവർത്തികൾ 3:6*

വല്ലതും കിട്ടുമെന്നു കരുതി ദൈവാലയ ഗോപുരത്തിങ്കൽ ഭിക്ഷ യാചിച്ചുകൊണ്ടിരുന്ന മുടന്തനായ മനുഷ്യനെ പത്രോസും, യോഹന്നാനും, യേശുവിന്റെ നാമത്തിൽ സൗഖ്യം നല്കി നടത്തി. ഇത് കണ്ട് പരിഭ്രമവും വിസ്മയവും നിറഞ്ഞ ജനങ്ങളോട് പത്രോസ് പറഞ്ഞത് ഇതിങ്കൽ ആശ്ചര്യപ്പെടുന്നതു എന്ത്? ഞങ്ങളുടെ സ്വന്തം ശക്തികൊണ്ടോ ഭക്തികൊണ്ടോ അല്ല ഇവനെ നടത്തിയത് എന്നാണ്". അവൻ മുഖാന്തരമുള്ള വിശ്വാസം ഇവൻ ബലം പ്രാപിക്കുവാൻ കാരണമായി. സൗഖ്യം ലഭിക്കുന്നതു യേശുവിന്റെ നാമത്തിൽ ആകുന്നു.



ഇന്നും യേശുവിന്റെ വലുതും, അത്ഭുതവും, വിസ്മയവും നിറഞ്ഞ നാമത്തിന് ശക്തി ഉണ്ട്. പല സമയങ്ങളിലും നാം പ്രാർത്ഥന അവസാനിപ്പിക്കുന്നത്: ''യേശുവിന്റെ നാമത്തിൽ'' ആണ്. പ്രാർത്ഥനശരിയായി അവസാനിപ്പിക്കുന്നത് അങ്ങനെയാണ്, എന്നാൽ യേശുവിന്റെ നാമത്തിലുള്ള ശക്തി ആകണം ദൈവം സഹായം അപേക്ഷിക്കുന്നതിന്റെ കാതൽ, യേശുവിന്റെ നാമത്തിൽ കേവലം അവസാനിപ്പിച്ചാൽ പോരാ. ആകാശത്തിൻ കീഴിൽ യേശുവിന്റെ നാമം പോലെ വേറൊരു നാമവും നല്കപ്പെട്ടിട്ടില്ല. യേശുവിന്റെ നാമത്തിൽ നാം വിളിച്ചപേക്ഷിക്കുമ്പോൾ നാം മാനവരാശിയുടെ സൃഷ്ടാവിനെയും, ലോകത്തിന്റെ രക്ഷകനെയും, സഭയുടെ ശിരസ്സിനെയും, രാജാധിരാജാവും, കർത്താധികർത്താവും, ആൽഫയും ഒമേഗയും, ആദ്യനും അന്ത്യനും ആയവനെ ഉണർത്തുന്നു.

സാത്താൻ യേശുവിന്റെ നാമത്തെ വെറുക്കുകയും ആ നാമത്തിങ്കൽ വിറയ്ക്കുകയും ചെയ്യുന്നു. വിശുദ്ധജനം ശക്തിയുള്ള ആ നാമത്തെ വിളിച്ചപേക്ഷിക്കുമ്പോൾ ദുരാത്മാക്കൾ ഓടുന്നു. നമുക്ക് ദുഷ്ടാത്മസേനയെ ദൃഢനിശ്ചയത്തോടും,ജീവിതത്തിലെ കഷ്ടതകളെ ധീരമായും, ലോകത്തിലെ അന്ധകാരത്തെ പ്രതീക്ഷയോടും, മരണത്തെപ്പോലും നേരിടുവാൻ ഇവയെ എല്ലാം ജയിച്ച യേശുവിന്റെ നാമത്തിൽ കഴിയും. ശുശ്രൂഷകന്മാരും സുവിശേഷകന്മാരും എന്ന നിലയിൽ പരാജയങ്ങളോ നിർഭാഗ്യങ്ങളോ നാം ഭയപ്പെടേണ്ടതില്ല. സൗഖ്യമാക്കുവാനുള്ള കഴിവും തരണം ചെയ്യുവാനുള്ള കൃപയും നമ്മുടേതല്ല, ദൈവത്തിന്റേതാണ്. ഫലം നമുക്ക് ദൈവത്തിനു വിടാം.

യേശു വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമാണ്. പാപത്തിന്റെ ബന്ധനത്തിലും അടിമത്വത്തിലും കിടക്കുന്ന ആത്മാക്കൾക്കുവേണ്ടി നാം പ്രാർത്ഥിക്കുമ്പോൾ നമ്മുടെ വിശ്വാസവും ദൈവാശ്രയവും അവരെ സ്വാധീനിക്കട്ടെ. യേശുവിന്റെ നാമത്തിൽ നാം പ്രാർത്ഥിക്കുമ്പോൾ നാം അധികാരത്തോടും ആത്മവിശ്വാസത്തോടും കൂടെ പ്രാർത്ഥിക്കുന്നു. രോഗികളും കഷ്ടത അനുഭവിക്കുന്നവരും സഹായത്തിനായി തീഷ്ണമായി ആഗ്രഹിക്കുമ്പോൾ ദൈവത്തിന്റെ പ്രിയപുത്രന്റെ നാമത്തിൽ ദൈവമുഖം ധൈര്യത്തോടെ അന്വേഷിക്കാം. നമ്മുടെ മാനുഷികതയ്ക്കും ബലഹീനതയ്ക്കും അപ്പുറം ദൈവമക്കൾ എന്ന നിലയിൽ യേശുക്രിസ്തുവിന്റെ നാമത്തിൽ നമുക്ക് അധികാരം ഉണ്ട്.


if Undelivered
Please return to:

***Contact:***
The Editor
Gospel Truth
Karickam P.O
Kottarakara
Kerala 691531
India

**ബന്ധപ്പെടുക**
പത്രാധിപർ
ഗോസ്പൽ ട്രൂത്ത്
കരിക്കം പി.ഒ.
കൊട്ടാരക്കര - 691531
കേരള.


ദൈവ നാമം മഹത്വപ്പെടട്ടെ.




Chief Editor **Michael W. Smith**
Malayalam Editor: **Mathew Joseph**
Asst. Editor **Baby Mathew**
Publisher: **Biju J. Varghese**